## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2541 05.11.2019-ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലൂടെ കെ.എസ്.ആർ.ടി.സി പെൻഷൻ

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | മറുപടി<br>ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളുടെ സഹായത്തോടെ കെ.എസ്.ആർ.ടി.സിയിൽ പെൻഷൻ നൽകുന്ന പദ്ധതി വിജയപ്രദമാണോ; വിശദമാക്കുമോ; | (എ) | 2018 ഫെബ്രുവരി മാസം മുതലുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള കെ.എസ്.ആർ.ടി.സി യിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ സഹകരണ ബാങ്കുകളുടെ സഹായത്തോടെ നൽകിവരുന്നു. എല്ലാ മാസവും പെൻഷൻ വിതരണത്തിനായി വേണ്ടി വരുന്ന തുക നൽകുവാൻ തയ്യാറായിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചാണ് പെൻഷൻ വിതരണം നടത്തിവരുന്നത്. കെ.എസ്.ആർ.ടി.സി, ധനകാര്യവകുപ്പ്, സംസ്ഥാന സഹകരണ ബാങ്ക് എന്നിവർ തമ്മിൽ ഒപ്പ് വെച്ച ധാരണാപത്രം അനുസരിച്ചാണ് പെൻഷൻ വിതരണം നടത്തുന്നത്. **2018** ഫെബ്രുവരി മുതൽ **2019** ഒക്ടോബർ വരെയുള്ള പെൻഷൻ വിതരണം വിജയകരമായി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിനായി ഇതിനകം എന്ത് തുകയാണ് സഹകരണ സ്ഥാപനങ്ങൾ നൽകിയത്; ഇതിന് ഈടാക്കുന്ന പലിശ നിരക്ക് എത്രയാണ്; | (ബി) | കെ.എസ്.ആർ.ടി.സി പെൻഷൻ വിതരണത്തിനായി നാളിതുവരെ (ഒക്ടോബർ **2019** വരെ) **1422.12** കോടി രൂപ കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങൾ നൽകിയിട്ടുണ്ട്. **10%** പലിശയാണ് സംഘങ്ങളുടെ നിക്ഷേപങ്ങൾക്ക് നൽകിവരുന്നത്. |

| | | | |
|---|---|---|---|
| (സി) | സഹകരണ ബാങ്കുകൾ നൽകിയ തുക പലിശ സഹിതം സർക്കാർ ബാങ്കുകൾക്ക് മടക്കി നൽകിയിട്ടുണ്ടോ; ഇനി എന്ത് തുക ബാങ്കുകൾക്ക് നൽകുവാനുണ്ട്; | (സി) | 2019 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി നൽകിയ തുക സംഘങ്ങൾക്ക് 10% പലിശയടക്കം തിരികെ നൽകിയിട്ടുണ്ട്. മെയ് 2019 മുതൽ ഒക്ടോബർ 2019 വരെയുള്ള പെൻഷൻ വിതരണം നടത്തിയ വകയിൽ 428.94 കോടി രൂപ സംഘങ്ങൾക്ക് തിരികെ നൽകാനുണ്ട്. ടി തുകയ്ക്ക് 10% പലിശയും നൽകേണ്ടതുണ്ട്. കൺസോർഷ്യത്തിലേയ്ക്ക് നൽകിയ പണം ഓരോ 6 മാസം പൂർത്തിയാകുന്ന മുറയ്ക്ക് മുതൽ തുകയും പലിശയും കൃത്യമായി തിരികെ നൽകി വരുന്നുണ്ട്. |
| (ഡി) | സഹകരണ ബാങ്കുകളുമായുള്ള കരാർ കാലാവധി എന്നാണ് അവസാനിച്ചത്; ആയത് പുതുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേക്കെന്ന് വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ഉത്തരവ് (സാധാ)നം.604/ 2019/സഹ തീയതി 11.10.2019 പ്രകാരം 2019 സെപ്റ്റംബറിൽ അവസാനിച്ച കൺ സോർഷ്യത്തിന്റെ കാലാവധി തുടർന്ന് 6 മാസം കൂടി അതായത് 2020 മാർച്ച് മാസം വരെ ദീർഘിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**